(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ അനസ്തേഷ്യാ വിഭാഗത്തിൽ വേണ്ടത്ര ഡോക്ടർമാരില്ലാത്തതു മൂലം രോഗികൾക്ക് ശസ്ത്ര ക്രിയ നടത്തുവാൻ കഴിയാത്ത അവസ്ഥ നിലവിലുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിൽ എത്ര ഡോക്ടർമാരെക്കൂടി നിയമി ച്ചാൽ ശസ്ത്രക്രിയകൾ യഥാസമയം നടത്താൻ കഴിയുമെന്ന് വെളിപ്പെടു ത്തുമോ; ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ,ബി) അനസ്തേഷ്യാ വിഭാഗത്തിൽ ഡോക്ടർമാരുടെ കുറവുമൂലം ശസ്ത്രക്രിയകൾ നടത്താതിരിക്കുന്ന സാഹചര്യം ഉണ്ടാകാറില്ല. ചില അവസ രങ്ങളിൽ ശസ്ത്രക്രിയകൾക്കുള്ള തീയതികൾ പുന : ക്രമീകരിക്കാറുണ്ട്. ഒഴി വുള്ള തസ്തികൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

159(186) മെഡിക്കൽ കോളേജുകളിലെ സീറ്റു വർദ്ധനവ്

ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോ ഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഈ വർഷം സീറ്റു വർദ്ധനവ് ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ;

(ബി) എങ്കിൽ ഓരോ മെഡിക്കൽ കോളേജിലും എത്ര സീറ്റു വീതം വർദ്ധിപ്പിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്;

(സി) ഈ സീറ്റു വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) സീറ്റു വർദ്ധിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ബന്ധ പ്പെട്ട കോളജുകളിൽ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) സൗകര്യങ്ങൾ ഏർപ്പെടുത്താതെ സീറ്റു വർദ്ധനവ് പ്രഖ്യാപി ക്കാനുള്ള കാരണം വിശദമാക്കുമോ?

ഉത്തരം

(എ,ഇ) ആലപ്പുഴ, തൃശൂർ, മെഡിക്കൽ കോളേജുകളിൽ 25 സീറ്റുകൾ വീതം വർദ്ധിപ്പിക്കുവാൻ സാധിക്കുമോ എന്ന കാര്യം പരിശോധിച്ചിരുന്നു. എന്നാൽ അടിസ്ഥാനസൗകര്യങ്ങൾ വിപുലപ്പെടുത്താൻ ആവശ്യമായ സാമ്പ ത്തിക ലഭ്യതയുടെ അപര്യാപ്തത മൂലം സീറ്റു വർദ്ധിപ്പിക്കാനുള്ള മേൽ നട പടി സ്വീകരിച്ചിട്ടില്ല.

160(187) സ്റ്റാഫിന്റെ കുറവുമൂലം ശസ്ത്രക്രിയകൾ മുടങ്ങുന്ന വാർത്ത

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്റ്റാഫിന്റെ കുറവുമൂലം ശസ്ത്രക്രിയകൾ മുടങ്ങുന്നതായ വാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ജീവനക്കാരുടെ കുറവ് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) ആവശ്യത്തിന് ജീവനക്കാരെ നിയമിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) മെഡിക്കൽ കോളേജിലെ വിവിധ പരിശോധനകൾക്കുള്ള ഫീസ് നിരക്ക് വളരെ ഉയർന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ കാര്യത്തിൽഇളവുണ്ടോ;

(എഫ്) പാവപ്പെട്ടവരുടെ ആശാകേന്ദ്രമായിരുന്ന ഈ ആശുപത്രി അവർക്ക് അപ്രാപ്യമാകാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വെളിപ്പെടുത്തുമോ;

(ജി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ഈ ആശുപത്രിയിൽ പരിശോധനയ്ക്ക് ഫീസ് ഈടാക്കാറുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. ജീവനക്കാരുടെ കുറവ് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) അവർക്ക് സൗജന്യപരിശോധന അനുവദിക്കുന്നുണ്ട്.

(എഫ്) പാവപ്പെട്ടവർക്ക് ചികിത്സ പൂർണ്ണമായും സൗജന്യമാണ്.

(ജി) ഫീസ് ഈടാക്കാറില്ല.

161(188) ആലപ്പുഴ മെഡിക്കൽ കോളേജിന്റെ വികസനവും നവീകരണവും

ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജിന്റെ വികസനത്തിനും നവീകരണത്തിനുമായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; ഇവിടെ ബ്ലോക്കുകളോ വാർഡുകളോ പണിയുകയും നിലവിലുള്ള വാർഡുകൾ നവീകരിക്കുകയും ചെയ്തിട്ടുണ്ടോ;

(സി) ആശുപത്രിയിലെ ട്രോമാകെയർ വിഭാഗം, രക്തബാങ്ക്, സി.റ്റി. സ്കാനർ, റേഡിയോളജി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) നെഫ്റോളജി വകുപ്പിൽ ഒഴിവുള്ള ഡോക്ടർമാരുടെ തസ്തികകളിൽ നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly